**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 699** **06-12-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട കയർ ഫാക്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഓർഡറുകൾ ലഭിക്കാത്തത് കാരണം ചെറുകിട കയർ ഫാക്ടറികൾ പ്രവർത്തിക്കാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കയർ മേഖല സജീവമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കയർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച കയർ രണ്ടാം പുനസംഘടനാ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പി വി സി ഉല്പന്നങ്ങൾ, മറ്റ് പ്ലാസ്റ്റിക് സിന്തറ്റിക്സ്, പോളിപ്രൊപ്പലിൻ തുടങ്ങിയ ഉല്പന്നങ്ങൾ വിപണി കൈയടക്കുന്നതു മൂലമാണ് പരമ്പരാഗത കയർ വ്യവസായത്തിലെ കൈത്തറി ഉല്പന്നങ്ങളായ ഫൈബർ മാറ്റ്, ബി സി 1, ബി സി 20 എന്നീ ഉല്പന്നങ്ങൾക്ക് വിദേശ-ആഭ്യന്തര വിപണിയിൽ കടുത്ത ഓർഡർ ക്ഷാമം ഉണ്ടായത് ഈ പ്രതിസന്ധിക്കിടയിൽ കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിദ്ധ്യം ഉറപ്പ് വരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടെയ്ൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ, മെഗാമാർട്ട് എന്നിവരുമായി വാണിജ്യ കരാറിൽ ഏർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ച് വരുന്നു. റയിൽവേ, കാർഷിക, ഗതാഗത മേഖലകളിലടക്കം കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. കയർ ഭൂവസ്ത്രമുൾപ്പെടെയുള്ള ഉല്പന്നങ്ങൾ പരമാവധി സംഘങ്ങളിൽ നിന്ന് സ്റ്റോക്കായി സംഭരിച്ചും ഓർഡറുകൾ ലഭ്യമാക്കാൻ പരമാവധി പരിശ്രമിച്ചും കയറുല്പന്ന മേഖലയെ സജീവമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള മുഴുവൻ കയർ സഹകരണ സംഘങ്ങൾക്കും സാമ്പത്തിക സഹായം ലഭ്യമാക്കിയും കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം തൊഴിലുറപ്പ് പദ്ധതിയിലൂടെ |

| | | | |
|---|---|---|---|
| | | | വിപുലപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് ലഭിച്ചാൽ എല്ലാ വിഭാഗവുമായി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുക്കും. |

സെക്ഷൻ ഓഫീസർ